7. റെയിൽവേ, പാർസൽ ഏജൻസികൾ, ബസ്സുകൾ എന്നിവയുടെ പരിശോധനാഫലങ്ങൾ.

8. പുതിയ RC കേസുകളുടെ ബുക്കിംഗ്.

(3) ചെക്ക്പോസ്റ്റ് വിഭാഗം

1. OR കേസുകൾ കണ്ടെത്തി ബുക്ക് ചെയ്യൽ

2. പൊതുജനങ്ങളോടുള്ള പെരുമാറ്റവും കൃത്യനിഷ്ഠയും

3. ടീം മോട്ടിവേഷൻ

(4) ജനറൽ അഡ്മിനിസ്ട്രേഷൻ വിഭാഗം

1. ജോലിയിലും സമയബന്ധിതമായി റിപ്പോർട്ട് സമർപ്പിക്കുന്നതിലുമുള്ള കൃത്യത

2. പൊതുജനത്തോടുള്ള പെരുമാറ്റം, കൃത്യനിഷ്ഠ, മോട്ടിവേഷൻ

3. തീരുമാനങ്ങളെടുക്കുന്നതിലുള്ള സംഭാവന

(5) ഇന്റേണൽ ഓഡിറ്റ് വിഭാഗം

1. കേസുകൾ കണ്ടെത്തൽ

2. ഇതുവഴി കിട്ടാനിടയുള്ള റവന്യൂ വരുമാനം.

3. യഥാർത്ഥത്തിൽ ലഭിച്ച റവന്യൂ വരുമാനം.

4. ഇതിലെ തുടർനടപടികൾ.

(6) നിയമ ഓഫീസ്, അപ്പലേറ്റ് വിഭാഗം മുതലായവ നിയമ ഓഫീസർ, അഡീഷണൽ നിയമ ഓഫീസർ എന്നിവരുടെ പ്രവർത്തനം പരിശോധിച്ച് ജോയിന്റ് കമ്മീഷണർ (നിയമം) ശുപാർശ നൽകണം.

(ഡി) കാഷ് അവാർഡ് ഇനത്തിൽ 33,09,000 രൂപ വിതരണം ചെയ്തു.

(ഇ) എറണാകുളത്ത് കേരള സർക്കാരിന്റെ അധീനതയിലുള്ള കെ.ടി.ഡി.സി.-യുടെ ബോൾഗാട്ടി പാലസ് പരിസരത്താണ് ചടങ്ങ് സംഘടിപ്പിച്ചത്.

(എഫ്) ഇതുമായി ബന്ധപ്പെട്ട് 13,30,610 രൂപ ചെലവഴിച്ചു.

(ജി) ഇനംതിരിച്ച കണക്ക് ഇതോടൊപ്പം അനുബന്ധം I ആയി ചേർക്കുന്നു.*

വിൽപ്പന നികുതി ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക

174 (188) ശ്രീ. എം. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 31-12-2010-വരെ വില്പന നികുതി ഇനത്തിൽ കുടിശ്ശികയായി പിരിഞ്ഞുകിട്ടാനുള്ള തുക എത്രയെന്ന് ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വില്പന നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) വില്പന നികുതി വലിയ തോതിൽ കുടിശ്ശികവരുത്തുന്നത് ഏത് മേഖലയിലുള്ള വില്പനശാലകളാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) കുടിശ്ശിക തുക പിരിച്ചെടുക്കുവാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു :

1. വാണിജ്യ നികുതി ഓഫീസർമാരുടെ ജില്ലാതല സമ്മേളനങ്ങൾ ബഹു. ധനകാര്യവകുപ്പുമന്ത്രി നേരിട്ട് വിളിച്ചുകൂട്ടി, നികുതി കുടിശ്ശികപിരിവ് ഊർജ്ജിതമാക്കുന്നതിനും വിഭവ സമാഹരണം മെച്ചപ്പെടുത്തുന്നതിനുംവേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കോടതി, സർക്കാർ, വിവിധ അപ്പീലധികാരികൾ എന്നിവർ നൽകിയിട്ടുള്ള സ്റ്റേ ഉത്തരവുകൾ നീക്കി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

2. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി കമ്മീഷണർ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം കൊടുക്കുന്നു. നികുതി നിയമത്തിലെ അധികാരം ഉപയോഗിച്ച് ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാരും റവന്യൂ റിക്കവറി നടപടികൾ നടത്തി കുടിശ്ശിക പിരിക്കുന്നു.

3. നികുതി പിരിവ് കുറവ് അനുഭവപ്പെടുന്ന ഓഫീസുകളിൽ കമ്മീഷണറേറ്റിൽനിന്നും നേരിട്ട് പരിശോധന നടത്തുകയും നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

4. കുടിശ്ശിക വസൂലാക്കുന്നതിന് 2008-09-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഒരു ആംനസ്റ്റ്റ്റി സ്കീം പ്രഖ്യാപിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു :

- 1990-91 കാലയളവുവരെയുള്ള നികുതിയുടെ 75 ശതമാനം ഒടുക്കിയാൽ പലിശയും പിഴയും പൂർണ്ണമായും മുതലിന്റെ 25 ശതമാനവും ഒഴിവാക്കും.
- 1996-97 മുതൽ 1999-2000 കാലയളവുവരെയുള്ള കുടിശ്ശികയുടെ പലിശ, പിഴ എന്നിവയുടെ 5 ശതമാനം വീതവും നികുതി 100 ശതമാനവും ഒടുക്കണം.
- 1991-92 മുതൽ 1999-2000 കാലയളവുവരെയുള്ള നികുതിയുടെ 100 ശതമാനവും ഒടുക്കണം. പലിശയും പിഴയും പൂർണ്ണമായും ഒഴിവാക്കും.
- 2000-01 മുതൽ 2004-05 കാലയളവുവരെയുള്ള കുടിശ്ശികയുടെ പലിശ, പിഴ എന്നിവയുടെ 10 ശതമാനം വീതവും നികുതി 100 ശതമാനവും അടയ്ക്കേണ്ടതാണ്.
- നികുതി മുഴുവനും അടച്ചുകഴിഞ്ഞ, പലിശമാത്രം അടയ്ക്കാനുള്ള കേസുകളിൽ പലിശയുടെ 10 ശതമാനം തുകമാത്രം അടച്ചാൽമതിയാകും.

LIBRARY ARCHIVES Kerala Legislative Assembly

2009-10 ബഡ്ജറ്റ് പ്രസംഗത്തിൽ പൊതുമേഖലാസ്ഥാപനങ്ങൾക്കും ആംനസ്റ്റി സ്കീം പ്രഖ്യാപിച്ചിരുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു :

പൊതുമേഖലാ സ്ഥാപനങ്ങളുടെ പലിശയും പിഴയും പൂർണ്ണമായും ഒഴിവാക്കുന്നു. ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണെങ്കിൽ മുതലിന്റെ 50 ശതമാനത്തിൽ കുടിശ്ശിക തീർപ്പാക്കുന്നതാണ്. നഷ്ടത്തിൽ പ്രവർത്തിക്കുന്നവയാണെങ്കിൽ മുതലിന്റെ 25 ശതമാനം അടച്ചാൽമതിയാകും. സ്വന്തമായ ഭൂമി അന്യാധീനപ്പെടുവാൻ സാധ്യതയുള്ള സ്ഥാപനങ്ങൾക്ക് ഈ ആനുകൂല്യം ബാധകമാവുകയില്ല.

(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

അണക്കെട്ടുകളിൽനിന്നും സംഭരിച്ച മണലിന്റെ വില്പന

175 (189) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അണക്കെട്ടുകളിൽനിന്നും സംഭരിച്ച മണലിന്റെ വില്പനയുമായി ബന്ധപ്പെട്ട് 2010 ഡിസംബർ 31 വരെ എത്ര രൂപ ഖജനാവിലേക്ക് മുതൽകൂട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരത്തിൽ മണൽ എടുക്കുന്നതിനുവേണ്ടി എത്ര തുക ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) എത്ര അളവിലുള്ള മണ്ണാണ് ഇത്തരത്തിൽ ലഭിച്ചിട്ടുള്ളത് മേൽപ്പറഞ്ഞ വിവരങ്ങൾ ഡാം തിരിച്ച് കണക്ക് വ്യക്തമാക്കുമോ ;

ഉത്തരം

(എ) അണക്കെട്ടുകളിൽനിന്നും സംഭരിച്ച മണലിന്റെ വില്പനയുമായി ബന്ധപ്പെട്ട് 31-12-2010-വരെ 1248.91 ലക്ഷം രൂപ ഖജനാവിലേക്ക് മുതൽക്കൂട്ടിയിട്ടുണ്ട്. 11017.78 രൂപ വാറ്റ് ഇനത്തിൽ ട്രഷറിയിൽ അടച്ചിട്ടുണ്ട്. കൂടാതെ 1800 ലക്ഷം രൂപയുടെ മണൽ മലമ്പുഴ, ചുള്ളിയാർ, വാളയാർ ഡാമുകളിൽ ഇപ്പോൾ സ്റ്റോക്ക് ഉണ്ട്.

(ബി) ഇത്തരത്തിൽ മണൽ എടുക്കുന്നതിനുവേണ്ടി 695.64 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(സി) മലമ്പുഴ, ചുള്ളിയാർ, വാളയാർ ഡാമുകളിൽനിന്നും കെംഡല്ലിന്റെ നേതൃത്വത്തിൽ 4 മാസംകൊണ്ട് 3 ലക്ഷം ഘനമീറ്റർ മണലും അരുവിക്കര ഡാമിൽനിന്നും 750 ഘനമീറ്റർ മണലും 4000 ഘനമീറ്റർ ചെളിമണ്ണും നാളിതുവരെ ലഭ്യമായിട്ടുണ്ട്.

കൊടുവള്ളിയിൽ സെയിൽസ് ടാക്സ് സർക്കിൾ ഓഫീസ്

176 (190) ശ്രീ. പി. ടി. എ. റഹീം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് കോർപ്പറേഷനിൽ എത്ര സെയിൽസ് ടാക്സ് സർക്കിൾ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly